ഉത്തരം

(എ) 30-9-2014 ലെ സ.ഉ (കൈ) നം. 70/2014/പജപവവിവ തീയതി പ്രകാരം 11,58,73,819 രൂപ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും അനുവദിക്കുകയും പ്രസ്തുത തുകയിൽ 2014-15 സാമ്പത്തിക വർഷം 2,89,68,455 രൂപ ചെലവഴിച്ചിട്ടുമുണ്ട്.

(ബി) അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെയും വിവിധ ഏജൻസികൾക്ക് തുക അനുവദിച്ചതിന്റെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

പരിവർത്തിത ക്രൈസ്തവർ

258 (2538) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിവർത്തിത ക്രൈസ്തവർക്കുകൂടി സംവരണ ആനുകൂല്യങ്ങൾ നൽകണമെന്ന ആവശ്യത്തെക്കുറിച്ച് പഠിച്ച് ശിപാർശകൾ നൽകാൻ ഒരു കമ്മീഷനെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ ഇതിനായി കമ്മീഷനെ നിയമിച്ചിരുന്നോ;

(സി) കമ്മീഷൻ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; അതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) പരിവർത്തിത ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനായി ശ്രീ. പി. പി. ഗോപി (ഐ.എ.എസ്.-റിട്ടയേർഡ്) ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

വിവാഹധനസഹായം - പട്ടികജാതി വിഭാഗക്കാർക്ക്

259 (2539) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) വിവാഹധനസഹായത്തിന് അപേക്ഷ നൽകിയ അജിതകുമാരി, തൊട്ടുകയിൽ വീട്, കുന്നം പി.ഒ., മാവേലിക്കര എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) കാലതാമസം നേരിട്ടതിനാൽ ടി വ്യക്തിയുടെ മാപ്പപേക്ഷയുൾപ്പെടെ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ശ്രീമതി അജിതകുമാരി, തൊട്ടുകയിൽ വീട്, കുന്നം പി.ഒ, മാവേലിക്കര എന്നയാളുടെ അപേക്ഷ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷയും കോ-ലിവിംഗ് സർട്ടിഫിക്കറ്റും സഹിതം ഹാജരാക്കുന്നതിലേയ്ക്കായി മാവേലിക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും അപേക്ഷകർക്ക് തിരികെ നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും അപേക്ഷ വീണ്ടും വകുപ്പിൽ ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ടിയാളുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാനായിട്ടില്ല. അപേക്ഷ ലഭ്യമായാലുടൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മൈക്രോക്രെഡിറ്റ് വായ്പ

260 (2540) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിന്നോക്ക വികസന കോർപ്പറേഷനിൽനിന്നും എസ്. എൻ.ഡി.പി. യോഗത്തിനു ഏതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചത്;

(ബി) വായ്പാ വിനിയോഗം സംബന്ധിച്ച് ജില്ലാ മാനേജർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണ്;

(സി) വായ്പാ ദുരുപയോഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; എങ്കിൽ അതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly